(സി) ഇപ്പോഴത്തെ വ്യവസായവകുപ്പുമന്ത്രി ചാർജ്ജെടുത്തതിനുശേഷം എത്രപേരെ നിയമിച്ചു?

(ഡി) അവയിൽ പട്ടികജാതിയിൽ ഏതേതുസമുദായത്തിൽപ്പെട്ടവർ എത്രപേരെവീതം നിയമിച്ചു; ആരെയെല്ലാം?

ഉത്തരം

(എ) തൃശ്ശൂർഡിസ്ട്രിക്റ്റിൽ ഗവണ്മെൻറുടമയിലുള്ള വ്യവസായ സ്ഥാപനങ്ങളൊന്നും ഇല്ല.

(ബി,സി,ഡി) ചോദ്യം ഉദിക്കുന്നില്ല.

അച്ചടിവ്യവസായത്തിലെ മിനിമം വേജസ്.

45. [19] ശ്രീ. എസ്സ്. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടിവ്യവസായത്തിന്റെ മിനിമം വേജസ് പുനഃപരിശോധിക്കണമെന്ന ആവശ്യം തൊഴിലാളിയൂണിയൻകാരും ഉന്നയിച്ചിട്ടുണ്ടോ?

(ബി) ഈ വ്യവസായത്തിന്റെ മിനിമം വേജസ് പുനഃപരിശോധിക്കുവാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) അച്ചടിവ്യവസായത്തിൽ നിജപ്പെടുത്തിയിട്ടുള്ള മിനമം വേജസ് പുനഃപരിശോധിക്കണമെന്നു തിരുവനന്തപുരം പ്രസ്സ്വർക്കേഴ്സ് യൂണിയനും കോഴിക്കോട് ദേശീയപ്രസ്സ് ലേബർയൂണിയനും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ ഉദ്ദേശമില്ല.

മർദ്ദിച്ചതായി പരാതി.

46. [24] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ഫ്ളെയിംഗ് സ്കാഡ് ഇൻസ്പെക്റ്ററും പാർട്ടിയും ചേർന്ന് പുനലൂർ ഉള്ള മർമ്മാണി വൈദ്യശാലയിൽ പ്രവേശിച്ച് ഒരു ജോലിക്കാരനെ മർദ്ദിച്ചതായുള്ള പരാതി അടുത്ത കാലത്തു ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പരാതിയെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ആരാണു അന്വേഷണം നടത്തിയതു;

(ഡി) അന്വേഷണഫലമെന്താണു?

ഉത്തരം

(എ) ഉണ്ടു.

(ബി,സി,ഡി) അന്വേഷണം നടത്തി റിപ്പോർട്ടയയ്ക്കാൻ കൊല്ലം അസിസ്റ്റൻറു എക്സൈസ് കമ്മീഷണറോടു ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ടു കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly